**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4505** **19-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാളിതുവരെയായി സേഫ് പദ്ധതി പ്രകാരം എത്ര വീടുകൾ നവീകരിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | **വൈപ്പിൻ മണ്ഡലത്തിലെ 111 പട്ടികജാതി കുടുംബങ്ങൾക്കും, 2 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സേഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും മുഴുവൻ അപേക്ഷകളിലും തീരുമാനമെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 269 അപേക്ഷകൾ ലഭ്യമായതിൽ പദ്ധതി മാനദണ്ഡപ്രകാരം അർഹരായ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകളുടെ അർഹതാ പരിശോധന നടന്നു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 4 അപേക്ഷകൾ ലഭ്യമായതിൽ 2 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിച്ച് നൽകുന്നതാണ്. |
| (സി) | സേഫ് പദ്ധതിയുടെ ധനസഹായ വിഹിതം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ